പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1123

06-06-2018 ലെ
മറുപടി

## ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ കുപ്പിവെള്ളനിർമ്മാണ പ്ലാന്റ്

| | ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | മറുപടി<br>മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് എവിടെയെല്ലാം നിലവിൽ കുപ്പിവെള്ളനിർമ്മാണ പ്ലാന്റുകളുണ്ട്; പ്ലാന്റിലെ പ്രതിദിന ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കെ.ഐ.ഐ.ഡി.സി.യുടെ സംരംഭമായി തൊടുപുഴയിൽ മുട്ടം എന്ന സ്ഥലത്ത് 'ഹില്ലി അക്വ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. പ്ലാന്റിൽ പ്രതിദിനം 1 ലിറ്ററിന്റെ 36000 കുപ്പി വെള്ളം ഉൽപ്പാദിപ്പിക്കുന്നു. 2 ലിറ്ററിന്റേയും 300ml ന്റേയും കുപ്പിവെള്ളം ആവശ്യമനുസരിച്ച് ഉൽപ്പാദനം നടത്തിവരുന്നു.<br>കേരള ജല അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ നിർമ്മാണത്തിലിരിക്കുന്ന കുപ്പിവെള്ളപ്ലാന്റിൽ നിന്നും ഉൽപാദനം തുടങ്ങിയിട്ടില്ല. |
| (ബി) | ജലവിഭവ വകുപ്പ് അരുവിക്കര യിൽ സ്ഥാപിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള ജല അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95% ത്തോളം പൂർത്തിയായി കഴിഞ്ഞു. |
| (സി) | പ്രസ്തുത പ്ലാന്റിൽ നിന്നും കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണവും വിപണിയിൽ കുപ്പിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളും വിശദമാക്കാമോ? | (സി) | പ്രസ്തുത പ്ലാന്റിൽ നിന്നും വ്യവസായിക ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. BIS, FSSAI മുതലായ സ്ഥാപനങ്ങളിൽ നിന്നും അനുമതിക്കുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് കുപ്പിവെള്ളം വിപണിയിൽ ഇറക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ